# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ

## <u>പത്രക്കുറിപ്പ്</u>

2022-2023 അധ്യായന വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ മൂന്നാം അല്ലോട്മെന്റിനെ തുടർന്നുള്ള പ്രവേശനത്തിനു ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിന് ഗവ./എയ്ഡഡ് കോളേജുകളിലെ എയ്ഡഡ് കോഴ്സുകളിലേക്ക് രണ്ട് സപ്ലിമെന്ററി അല്ലോട്മെന്റുകൾ ഉണ്ടായിരിക്കുന്നതാണ്. അഫിലിയേറ്റഡ് കോളേജുകളിലെ/സർവ്വകലാശാല സെന്ററുകളിലെ സ്വാശ്രയ കോഴ്സുകളിൽ ഒഴിവുകൾ നിലനിൽക്കുന്ന സീറ്റുകൾ നികത്തുന്നതിനായി അതത് കോഴ്സുകളിലേക്ക് അപേക്ഷിച്ച വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് കോളേജുകൾക്ക് നൽകുന്നതായിരിക്കും. റാങ്ക് ലിസ്റ്റിൽ നിന്നും കോളേജുകൾ മെറിറ്റ് അനുസരിച്ച് നേരിട്ട് പ്രവേശനം നൽകുന്നതാണ്.

03.09.2022 മുതൽ 06.09.2022, 5.00 PM വരെ വിദ്യാർത്ഥികൾക്ക് എല്ലാ വിധ തിരുത്തലുകൾക്കും (മൊബൈൽ നമ്പർ, ഇമെയിൽ ഐഡി, പേര്, ജനന തിയതി, +2 രജിസ്റ്റർ നമ്പർ എന്നിവ ഒഴികെ) / ഉൾപ്പെടുത്തലുകൾക്കും സൗകര്യം ഉണ്ടായിയിരിക്കും.

ഫസ്റ്റ് ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടിയവർ, ലഭിച്ച അല്ലോട്മെന്റിൽ തൃപ്തരായി ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്ത് പ്രവേശനം നേടിയവർ എന്നിവരൊഴികെ എല്ലാവർക്കും എഡിറ്റിങ് സൗകര്യം ലഭ്യമായിരിക്കും.

അലോട്മെന്റ് ലഭിച്ച് സർവ്വകലാശാല നിർദേശങ്ങൾ പാലിക്കാതെ വിവിധ ഘട്ടങ്ങളിൽ അല്ലോട്മെന്റിൽ നിന്ന് പുറത്തുപോയ വിദ്യാർഥികൾ എഡിറ്റ് ചെയ്ത് അപേക്ഷ പൂർത്തീകരിച്ചാൽ മാത്രം സപ്ലിമെന്ററി അല്ലോട്മെന്റുകൾക്ക്/ റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതായിരിക്കും.

മൂന്നാം അല്ലോട്മെന്റിന് ശേഷം ഹയർ ഓപ്ഷൻ നിലനിർത്തി കൊണ്ട് വിദ്യാർത്ഥികൾക്ക് സ്ഥിരം അഡ്മിഷൻ എടുക്കാൻ അവസരം ലഭ്യമാക്കിയിട്ടുണ്ട്. ഹയർ ഓപ്ഷനുകൾ നില നിൽക്കുന്നപക്ഷം ടി ഓപ്ഷനുകൾ സപ്ലിമെന്ററി അല്ലോട്മെന്റിലേക്ക് പരിഗണിക്കുന്നതായിരിക്കും. ഹയർ ഓപ്ഷനുകൾ നിലനിർത്തുന്ന പക്ഷം പ്രസ്തുത ഹയർ ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്നിലേക്ക് തുടർന്ന് അലോട്ട്മെന്റ് ലഭിച്ചാൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് ലഭിച്ചിരുന്ന അലോട്ട്മെന്റ് നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ച നൽകുന്നതുമല്ല.

ഇത് വരെ അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർഥികളെ നിലവിലെ അപേക്ഷ പ്രകാരം സപ്ലിമെന്ററി അല്ലോട്മെന്റുകൾക്ക് / റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതായിരിക്കും. എഡിറ്റിങ് സൗകര്യം ഉപയോഗപ്പെടുത്തി അപേക്ഷ പൂർത്തീകരിച്ച മുഴുവൻ വിദ്യാർത്ഥികളെയും പുതുക്കിയ അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും സപ്ലിമെന്ററി അല്ലോട്മെന്റിലേക്ക് പരിഗണിക്കുക.

Kerala State Arts Festival, NSS, NCC(75% അറ്റൻഡൻസ് ലഭിച്ച സർട്ടിഫിക്കറ്റ്), SPC, Nanmamudra/Rajyapursaskar എന്നിവയിൽ +2 തലത്തിൽ സർട്ടിഫിക്കറ്റുള്ളവർക്ക് മാത്രമേ വെയിറ്റേജ് മാർക്കിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. അപേക്ഷയിലെ അപാകതകൾ നിമിത്തം നിലവിലെ അലോട്ട്മെന്റ്/പ്രവേശനം നഷ്ടപ്പെടുകയും തുടർന്നുള്ള പ്രവേശന നടപടികളിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുന്നതാണ്. അപേക്ഷയിലെ യാതൊരു വിധ തിരുത്തലുകളും സർവ്വകലാശാല നേരിട്ട് ചെയ്ത കൊടുക്കുന്നതല്ല.

**CU Campus**
**01.09.2022**

**(ഒപ്പ്)**
**ഡയറക്ടർ**